പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.5131. 27.7.2015 -ൽ

മറുപടി നൽകേണ്ടിയിരുന്നത്.

## <u>അസാപ്പ് പാഠ്യപദ്ധതി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ.കെ.അജിത്. | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുതുതായി തുടക്കം കുറിച്ച അസാപ്പ് വഴി നടപ്പാക്കുന്ന പഠനപദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ; | (എ) | തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി സ്കൂളുകളിലേയും ആർട്സ് & സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കാണ് അസാപ് പദ്ധതിയിലൂടെ പ്രത്യേക തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി, അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യമേഖല എന്നീ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകി വരുന്നത്. |
| (ബി) അസാപ് പാഠ്യപദ്ധതി ആരംഭിച്ചതിനു ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ; ഇതുവഴി വിദ്യാർത്ഥികൾക്ക് തൊഴിൽസാധ്യത വർദ്ധിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (ബി) | 2012-13 വർഷത്തിലാണ് അസാപ് ആരംഭിച്ചത്. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സ്വതന്ത്ര ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) അസാപ്പിന്റെ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;<br>(ഡി) സംസ്ഥാനത്ത് വി.എച്ച്.എസ്.സി. വിഭാഗങ്ങളിലേക്ക് അസാപ്പ് വ്യാപിപ്പിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും. | അസാപ് പാഠ്യപദ്ധതി വഴി നിലവിലുള്ള തൊഴിലധിഷ്ഠിതമല്ലാത്ത കോഴ്സുകൾ പഠിക്കുന്നവർക്കു കൂടി തൊഴിൽ മേഖലകളിൽ നൈപുണ്യം നേടാനുള്ള അവസരമൊരുക്കുന്നു. അസാപ്പിന്റെ ഫൗണ്ടേഷൻ മോഡ്യൂൾ വഴി കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്ന കഴിവ് വർദ്ധിക്കുന്നതായി കണ്ടുവരുന്നു. 2015 -16 വർഷത്തിൽ വി.എച്ച്.എസ്.ഇ.യിലേയ്ക്കു |

| | | | |
|---|---|---|---|
| | | | കൂടി അസാപ് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരികയാണ്. |
| (ഇ) | അസാപ്പ് പാഠ്യപദ്ധതി സംസ്ഥാനത്തു മുഴുവൻ ഹയർസെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ടോ ? | (ഇ) | സംസ്ഥാനത്തെ എല്ലാ ഗവ.എയ്ഡഡ് മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ